കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കേരള സംസ്ഥാന സേവനാവകാശനിയമം 2012 - കൃഷി വകുപ്പിലെ സേവനങ്ങൾ, സമയപരിധി - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (കൃഷി) വകുപ്പ്

സ.ഉ.(സാധാ)നം.801/2014/കൃഷി. തീയതി, തിരുവനന്തപുരം, 29.04.2014

---

പരാമർശം - (1)01.12.2012ലെ സ.ഉ(സാധാ)നം.2330/12/കൃഷി നമ്പർ ഉത്തരവ്.
(2)കൃഷി ഡയറക്ടറുടെ 21.05.13, 25.09.13, 07.12.13 തീയതികളിലെ റ്റി.പി.(4)56272/12 നമ്പർ കത്തുകൾ.

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിലെ ക്രമനമ്പർ IV (2)-ൽ 'കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടം മുഖേന വിത്ത്, നടീൽ വസ്തുക്കളുടെ വില്പന' എന്ന സേവനം ലഭ്യമാകുന്നത് കൃഷിത്തോട്ടം മുഖേനയാണെന്നും ആയതിനാൽ ഈ ഇനത്തിലെ 'നിശ്ചിത സമയപരിധി' എന്ന കോളത്തിൽ

- കൃഷിത്തോട്ടത്തിലെ ലഭ്യത അനുസരിച്ച് ഉടൻസേവനം.
- പ്രസ്തുത കൃഷിത്തോട്ടത്തിൽ ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമാകുന്ന സ്ഥലം അന്വേഷിച്ച് വിവരം ലഭ്യമാക്കൽ (ഉടനടി മുതൽ 5 ദിവസം)

എന്നീ ഭേദഗതികൾ ചെയ്ത് ഉത്തരവാകണമെന്ന് കൃഷി ഡയറക്ടർ പരാമർശം (2) ലെ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1)ലെ ഉത്തരവിലെ ക്രമനമ്പർ IV (2)ൽ 'കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടം മുഖേന വിത്ത്, നടീൽ വസ്തുക്കളുടെ വിൽപന' എന്ന സേവനം ലഭ്യമാക്കുന്നതിനുള്ള നിശ്ചിത സമയപരിധി എന്ന കോളത്തിൽ

- കൃഷിത്തോട്ടത്തിലെ ലഭ്യത അനുസരിച്ച് ഉടൻസേവനം.
- പ്രസ്തുത കൃഷിത്തോട്ടത്തിൽ ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമാകുന്ന സ്ഥലം അന്വേഷിച്ച് വിവരം ലഭ്യമാക്കൽ (ഉടനടി മുതൽ 5 ദിവസം)

എന്നീ ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ ഭേദഗതിയോടെ പരാമർശം (1)ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**കെ. ആർ. ജ്യോതിലാൽ**
**സെക്രട്ടറി.**

കൃഷി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വിവരപൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

P.T.O.

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ.
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്



| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 15th February 2013<br>2013 ഫെബ്രുവരി 15<br>26th Magha 1934<br>1934 മാഘം 26 | No.<br>നമ്പർ 457 |



## കൃഷി ഡയറക്ടറേറ്റ്

### വിജ്ഞാപനം

2013 ജനുവരി 1.

നമ്പർ ഒ. ആന്റ് എം. (1) 64688/2012.

2012-ലെ കേരള സംസ്ഥാന സേവന അവകാശ നിയമം (2012-ലെ 18) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൃഷി വകുപ്പ് ഡയറക്ടർ താഴെപ്പട്ടികയിൽ വിവരിച്ചിട്ടുള്ള സേവനം പ്രദാനം ചെയ്യുന്നതിനായും അത്തരം സേവനങ്ങൾ സംബന്ധിച്ച് നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവയുൾപ്പെടെ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

## കൃഷി വകുപ്പ്

### സേവനാവകാശ നിയമം — ഉൾക്കൊള്ളിക്കാവുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങൾ | നിശ്ചിത സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| I | **കാർഷികോപദേശങ്ങൾ** | | | | |
| 1 | സാങ്കേതികമായ പ്രശ്നപരിഹാരത്തിനുള്ള കൃഷി സ്ഥല സന്ദർശനം | 5 ദിവസം | കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർ | ബന്ധപ്പെട്ട ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ബന്ധപ്പെട്ട ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 2 | രൂക്ഷമായി പൊട്ടിപ്പുറപ്പെടുന്ന കീടരോഗാക്രമണത്തിനുള്ള ഉപദേശ സേവനം | 6 മണിക്കൂർ | ടി | ടി | ടി |
| 3 | സാങ്കേതികമായ ഉപദേശത്തിന് കൃഷി ഭവൻ സന്ദർശിക്കുന്ന കർഷകർക്കുള്ള സേവനം | 2 മണിക്കൂർ | ടി | ടി | ടി |
| 4 | ആത്മ പദ്ധതി മുഖേന എല്ലാ ജില്ലകളിലും/ലീഡ്സ് പദ്ധതി മുഖേന തിരഞ്ഞെടുത്ത ജില്ലകളിലും കർഷകർക്ക് സാങ്കേതിക ഉപദേശം | അടിയന്തര ഘട്ടത്തിൽ കർഷകർ ആവശ്യപ്പെട്ട് 48 മണിക്കൂറിനുള്ളിലും, മാസത്തിലൊരിക്കലുള്ള സ്ഥിരമായ സന്ദർശനവേളയിലും | ടി | ബന്ധപ്പെട്ട ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ആത്മ) | ടി |
| II | **കാർഷിക സഹായ സേവനങ്ങൾ** | | | | |
| 1 | കസ്റ്റം-ഹയറിംഗ് സെന്ററുകൾ മുഖേന ലഭ്യമാക്കുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം | 3 ദിവസം | അസിസ്റ്റന്റ് എഞ്ചിനീയർ (അഗ്രി) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ബന്ധപ്പെട്ട ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 2 | തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ പുതുതായി സ്ഥാപിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന ലഭ്യമാകുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം | 3 ദിവസം | ബന്ധപ്പെട്ട ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ബന്ധപ്പെട്ട ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ആത്മ) | ടി |
| III | **മണ്ണ് പരിശോധനാ ലാബുകൾ** | | | | |
| 1 | കർഷകർ മണ്ണുസാമ്പിളുകൾ നേരിട്ട് കൃഷി ഭവനിൽ പരിശോധനക്ക് നൽകുമ്പോൾ | 30 ദിവസം | കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർ | അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | ബന്ധപ്പെട്ട ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) |
| 2 | കർഷകർ മണ്ണുസാമ്പിളുകൾ നേരിട്ട് പരിശോധനക്ക് മണ്ണു പരിശോധനാ ലാബുകളിൽ നൽകുമ്പോൾ | 7 ദിവസം | അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | ബന്ധപ്പെട്ട ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) | ബന്ധപ്പെട്ട ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| **IV** | **ഉത്പാദനോപാധികളുടെ ലഭ്യത** | | | | |
| 1 | കൃഷിഭവൻ മുഖേനയുള്ള വിത്ത്/നടീൽ വസ്തുക്കളുടെ വിതരണം/വിൽപ്പന | കൃഷിഭവനിലുള്ള ലഭ്യത അനുസരിച്ച് ഉടൻ സേവനം കൃഷിഭവനിൽ ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമാകുന്ന സ്ഥലം അന്വേഷിച്ച് വിവരം ലഭ്യമാക്കൽ (ഉടനടി മുതൽ 5 ദിവസം) | കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർ | ബന്ധപ്പെട്ട ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ബന്ധപ്പെട്ട ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 2 | കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടം മുഖേന വിത്ത്/ നടീൽ വസ്തുക്കളുടെ വിൽപ്പന | ടി | ഫാം സൂപ്രണ്ട്/ കൃഷി അസിസ്റ്റന്റ് ഡയറക്ടർ/സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ | ബന്ധപ്പെട്ട ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) | ടി |
| 3 | വിത്ത് ഗുണമേന്മ പരിശോധന (കൃഷി ഭവൻ/വിത്തു പരിശോധനാ ശാലയിൽ നൽകുന്ന സാമ്പിളുകൾ) | 30 ദിവസം | കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർ | ബന്ധപ്പെട്ട വിത്തു പരിശോധനാശാലയിലെ സീനിയർ സീഡ് അനലിസ്റ്റ് | കൃഷി അഡീഷണൽ ഡയറക്ടർ (CP) |
| **V** | അനുമതി ലഭിച്ച പദ്ധതികൾ മുഖേന അർഹതപ്പെട്ട കർഷകനുള്ള ധനസഹായം | കൃഷി ഭവനിൽ കർഷകർ ക്ലെയിം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാനതീയതിക്ക് ശേഷം 30 ദിവസത്തിനകം | ടി | ബന്ധപ്പെട്ട ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ബന്ധപ്പെട്ട ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| **VI** | ജലസേചന ആവശ്യത്തിന് അർഹതപ്പെട്ട കർഷകന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് | 5 ദിവസം | ടി | ടി | ടി |
| **VII** | കൂട്ടുരാസവളം, ജീവാണുവളം എന്നിവയുടെ നിർമ്മാണ ലൈസൻസ് | 45 ദിവസം | ടി | കൃഷി അഡീഷണൽ ഡയറക്ടർ (CP) | കൃഷി ഡയറക്ടർ |
| **VIII** | കൂട്ടുരാസവളം/ജീവാണുവളം/ രാസവളം എന്നിവയുടെ ജില്ലാതല മൊത്ത വിതരണത്തിനുള്ള ലൈസൻസ് | 30 ദിവസം | ടി | ബന്ധപ്പെട്ട ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T) | ബന്ധപ്പെട്ട ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| IX | കീടനാശിനി/ജൈവകീട നാശിനി/ബയോകൺട്രോൾ ഏജന്റ്/ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ലൈസൻസും, മൊത്തവിതരണ ത്തിനുള്ള ലൈസൻസും | 45 ദിവസം | കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർ | കൃഷി ഡയറക്ട റേറ്റിലെ ജോയിന്റ് ഡയറക്ടർ (PP) | കൃഷി ഡയറക്ടർ |
| X | കീടനാശിനി/ജൈവകീട നാശിനി/ബയോകൺട്രോൾ ഏജന്റ്/ജൈവവളം എന്നിവയുടെ ജില്ലാതല വിതരണത്തിനുള്ള ലൈസൻസ് | 45 ദിവസം | ടി | ബന്ധപ്പെട്ട ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T) | ബന്ധപ്പെട്ട ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| XI | സ്വകാര്യ നഴ്സറികൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് | 45 ദിവസം | ടി | ബന്ധപ്പെട്ട ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Credit) | ടി |
| XII | വിള ഇൻഷ്വറൻസ്-പോളിസി നൽകൽ | 30 ദിവസം | ടി | ടി | ടി |
| XIII | പ്രകൃതി ക്ഷോഭ ദുരിതാശ്വാസം പ്രാഥമിക അന്വേഷണ റിപ്പോർട്ട് (FIR) | 30 ദിവസം | ടി | ബന്ധപ്പെട്ട ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ടി |
| XIV | കാർഷികോൽപന്നങ്ങളുടെ സംഭരണം വില, വിസ്തൃതി, കാർഷികോൽപ്പന്നങ്ങളുടെ ലഭ്യത എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകൽ | 3 ദിവസം | ടി | ബന്ധപ്പെട്ട ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (Mktg.) | ടി |
| XV | പെൻഷൻ പദ്ധതി-കർഷക രജിസ്ട്രേഷൻ | 30 ദിവസം | ടി | ബന്ധപ്പെട്ട ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Credit) | ടി |

കൃഷി ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

(ഒപ്പ്)
*കൃഷി ഡയറക്ടർ.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2012-ലെ കേരള സംസ്ഥാന സേവന അവകാശം ആക്ടിന്റെ (2012-ലെ 18) 3-ാം വകുപ്പ് ഈ ആക്ടിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വകുപ്പ് മേധാവികളെ അധികാരപ്പെടുത്തുന്നു. അതനുസരിച്ച് കൃഷി വകുപ്പ് ഡയറക്ടർ സേവനങ്ങൾ, സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള സമയപരിധി, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.